## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 612** **10-02-2025 - ൽ മറുപടിയ്ക്ക്**

## ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്കുള്ള മാർഗ നിർദേശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്‌തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിർദിഷ്ട ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (എ) | 29-02-2024-ലെ സ.ഉ.(കൈ) നമ്പർ 16/2024/ID, 29-07-2024-ലെ സ.ഉ.(സാധാ) നമ്പർ 949/2024/HEDN എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ) ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 30 വർഷത്തേക്ക് ആണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുന്നത്.<br><br>ഭൂമിക്ക് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് ആക്ട് 1999 -ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും.<br><br>ക്യാമ്പസ് വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area (ESA), Coastal Regulation Zone (CRZ), Plantation, Kerala Conservation of Paddy Land & Wet Land Act, 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുത്. പ്രസ്തുത പാർക്കുകളിൽ റെഡ് കാറ്റഗറി ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്.<br><br>ഈ പദ്ധതിയിൽ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വെബ് പോർട്ടൽ മുഖേന വ്യവസായ വാണിജ്യ |

| | | | |
|---|---|---|---|
| | | | ഡയറക്ടർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സമർപ്പിക്കുന്ന പൂർണ്ണമായ അപേക്ഷകൾ സർക്കാർ തലത്തിൽ 8 വകുപ്പുതല സെക്രട്ടറിമാർ അടങ്ങുന്ന ഉന്നതസമിതി പരിശോധിച്ച് ക്യാമ്പസ് വ്യവസായ പാർക്ക് ഡെവലപ്പർ പെർമിറ്റ് നൽകുവാൻ തീരുമാനം എടുക്കുന്നു. |
| (ബി) | സർക്കാർ മേഖലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമായി ഈ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത് പരിഗണിക്കാമോ? | (ബി) | കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ) ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. സർക്കാർ മേഖലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമായി ഈ പദ്ധതിയുടെ ആനുകൂല്യം നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ